

**<u>പ്രൊഫ. ഒ.എൻ.വി.കുറുപ്പ്</u>**



# പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി (1903-1977) കേരളത്തിന്റെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ മാത്രമല്ല, രാഷ്ട്രീയ ഭരണരംഗങ്ങളിലും നിരവധി ദൗത്യങ്ങൾ നിറവേറ്റിയ ചരിത്രപുരുഷനാണ്. തന്റെ കാലഘട്ടത്തിലെ ഏറ്റവും പ്രമുഖനായ സാഹിത്യനിരൂപകൻ എന്നതിനുപുറമേ, പ്രഗത്ഭനായ ഒരദ്ധ്യാപകനും, അതുല്യനായ ഒരു പ്രഭാഷകനും, ശ്രദ്ധേയനായൊരു പത്രാധിപരുമായിരുന്നു അദ്ദേഹം.

ഫിസിക്സിൽ ബിരുദം നേടിയതിനുശേഷം, സംസ്കൃത മലയാളങ്ങളിൽ ബിരുദാനന്തരബിരുദം നേടി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്നതിന്നിടയിൽ, ഇ.എം.എസ്, സി.അച്ചുതമേനോൻ തുടങ്ങിയ പല പ്രമുഖരുമുൾപ്പെട്ട വലിയൊരു ശിഷ്യസമ്പത്തിന് അദ്ദേഹം ഉടമയായി. അവിടെത്തന്നെ പ്രൊഫസറായി പ്രശസ്ത സേവനമനുഷ്ഠിക്കെ, മാനേജ്മെന്റിന്റെ അപ്രീതിക്കു പാത്രമായി; പിരിച്ചുവിടൽ ശിക്ഷയ്ക്ക് വിധേയനാകേണ്ടിവന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തും, ഒപ്പം സാംസ്കാരികരംഗത്തും കോളിളക്കമുണ്ടാക്കിയ ഒരു സംഭവമായിരുന്നു അത്. അദ്ധ്യാപകർക്ക് സേവന പരിരക്ഷ നല്കാൻ മതിയായ നിയമമുണ്ടായിരുന്നില്ല അക്കാലത്ത്. വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ ആ പിരിച്ചുവിടലിനെ ചോദ്യം ചെയ്തുവെങ്കിലും, മുണ്ടശ്ശേരി മാസ്റ്റർ തിരിച്ചെടുക്കപ്പെട്ടില്ല. ഒരർത്ഥത്തിൽ, അദ്ദേഹത്തിന് സ്വതന്ത്രമായ സാമൂഹിക പ്രവർത്തനത്തിനുള്ള ഒരു വഴിയൊരുക്കലായി അത്. പൊതുപ്രവർത്തനത്തിലദ്ദേഹം സജീവമായി - തിരു-കൊച്ചി നിയമസഭയിലും തുടർന്ന് ആദ്യ കേരള നിയമസഭയിലും എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെട്ട മുണ്ടശ്ശേരി മാസ്റ്റർ 1957-ലെ ഇ.എം.എസ് മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായി. അദ്ധ്യാപകന്റെ അവകാശങ്ങളുറപ്പിക്കാനും, അന്തസ്സുയർത്താനും, വിദ്യാഭ്യാസരംഗത്തെ പ്രൈവറ്റ് മാനേജ്മെന്റുകളുടെ ചൂഷണവൃത്തികൾ തടയുവാനുമുള്ള പ്രസിദ്ധമായ വിദ്യാഭ്യാസ ബില്ലിന്റെ ശില്പി എന്ന നിലയ്ക്ക് മുണ്ടശ്ശേരി മാസ്റ്റർ നമ്മുടെ ചരിത്രത്തിലിടം നേടുകയായിരുന്നു. വിദ്യാഭ്യാസ ബില്ലിനോടുള്ള തല്പര കക്ഷികളുടെ എതിർപ്പ് വിമോചനസമരമായി പരിണമിച്ചതും, കേന്ദ്രത്തിന്റെ ഇടപെടൽ മൂലം കേരളനിയമസഭയ്ക്ക് അതിന്റെ കാലാവധി പൂർത്തിയാക്കാനും, പുരോഗമനപരമായ പല നയങ്ങളും ശരിക്കും നടപ്പിലാക്കാനും കഴിയാതെ പോയതും ഇന്ന് കേരളചരിത്രത്തിലെ ഇരുണ്ട ഏടുകളായി

മാറിയിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുവേണ്ടിയും, അതിലൂടെ കൈവരുന്ന നാടിന്റെ നാനാമുഖമായ വികസനത്തിനുവേണ്ടിയും നിസ്തന്ദ്രം വാദിച്ചുപോന്നിരുന്ന മുണ്ടശ്ശേരി മാസ്റ്റർ, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറായിത്തീർന്നു എന്നത് ചരിത്രമനുഷ്ഠിച്ച ശോഭാകരമായൊരു 'കാവ്യനീതി'യെന്നു പറയാം. സഹകരണ രംഗത്തും മുണ്ടശ്ശേരി മാസ്റ്റർ വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്.

'കല കലയ്ക്കുവേണ്ടി' എന്ന യാഥാസ്ഥിതിക വീക്ഷണത്തിനെതിരെ 'കല ജീവിതത്തിനുവേണ്ടി' എന്ന ദർശനം യൂറോപ്പിലും ഉത്തരേന്ത്യയിലും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന് രൂപം നല്കി - ഏതാണ്ടതേകാലത്തു തന്നെ കേരളത്തിലും സാഹിത്യരംഗത്തുണ്ടായ ചലനങ്ങളെ ത്വരിതപ്പെടുത്തുന്നതിൽ പ്രൊഫ: ജോസഫ് മുണ്ടശ്ശേരി വഹിച്ച പങ്ക് നിസ്തുലമാണ്. ആദ്യം ജീവൽസാഹിത്യമെന്ന പേരിൽ നാന്ദി കുറിച്ച്, പിന്നീട് പുരോഗമന സാഹിത്യമായി വളർന്ന ആ പ്രസ്ഥാനത്തിന്റെ സാരഥ്യം വഹിച്ചവരിൽ പ്രധാനിയായിരുന്നു മുണ്ടശ്ശേരി മാസ്റ്റർ. മഹാകവി കുമാരനാശാനെ 'വിപ്ലവത്തിന്റെ ശുക്രനക്ഷത്രം' എന്നു വിശേഷിപ്പിച്ച് മാസ്റ്ററെഴുതിയ ലേഖനം ഇന്നൊരു ചരിത്രരേഖയാണ്. "സന്ദേശം - അതൊന്നേയുള്ളൂ" എന്ന പേരിലുള്ള ലേഖനമാവട്ടെ, മലയാളത്തിലന്നോളമുണ്ടായ ആത്മാവില്ലാത്ത സന്ദേശ കാവ്യങ്ങൾ, കേവലം കാളിദാസന്റെ മേഘസന്ദേശത്തിന്റെ ദുർബലവും യാന്ത്രികവുമായ അനുകരണമാണെന്ന് സമർത്ഥിക്കുക മാത്രമല്ല സാഹിത്യത്തിലെ ഗതാനുഗതികത്വം (Formalism) എന്ന ദുശ്ശീലത്തിനെതിരായ ശക്തമായ ഒരാക്രമണം കൂടിയായി. മുണ്ടശ്ശേരി മാസ്റ്റർ ആശാൻ കൃതികളിൽ ഏറ്റവും വിപ്ലവാത്മകമായ ഇതിവൃത്തവും, സന്ദേശവുമുൾക്കൊള്ളുന്ന 'ദുരവസ്ഥ'യുടെ തുടർച്ചയായി പുരോഗമന സാഹിത്യത്തെ കാണുകയും, പുതിയ തലമുറയിലെ തകഴി, ദേവ്, ബഷീർ, വർക്കി, ചങ്ങമ്പുഴ തുടങ്ങിയവരുൾപ്പെട്ട ഉൽപതിഷ്ണുക്കളായ എഴുത്തുകാരുടെ ഒരു കൂട്ടായ്മയുടെ ശക്തി കേന്ദ്രമായി നിലകൊള്ളുകയും ചെയ്തു. ഒപ്പം മുൻതലമുറയിലെ രാജരാജവർമ്മ പ്രസ്ഥാനത്തിന്റെ നന്മകളും മൂല്യങ്ങളുമദ്ദേഹം ഉയർത്തിക്കാട്ടുകയും ചെയ്തു.

"പറയാനെന്തെങ്കിലുമുണ്ടാവുക; വായനക്കാരന് മനസ്സിലാവുന്ന ഭാഷയിലത് പറയുക" എന്ന് മുണ്ടശ്ശേരി മാസ്റ്റർ എഴുത്തുകാരെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. ഏതു കാലത്തും ഈ ഉദ്ബോധനത്തിന് പ്രസക്തിയുണ്ടെന്ന് പറയേണ്ടതില്ലല്ലോ. 'മംഗളോദയം' എന്ന സാഹിത്യമാസികയുടേയും, 'നവജീവൻ' എന്ന ദിനപ്പത്രത്തിന്റെയും മുഖ്യപത്രാധിപർ എന്ന നിലയ്ക്ക് അദ്ദേഹമനുഷ്ഠിച്ച സേവനം മലയാള പത്രപ്രവർത്തന ചരിത്രത്തിൽ സുവർണ്ണലിപികളിൽ അടയാളപ്പെടുത്തേണ്ടതാണ്.

തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകം മുണ്ടശ്ശേരി മാസ്റ്ററുടെ ഒരു ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. കേന്ദ്ര സാഹിത്യ അക്കാദമിയുടേയും കേരള സാഹിത്യ അക്കാദമിയുടേയും ഭരണ തലത്തിലും അദ്ദേഹം പ്രഗത്ഭ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമിയും കേരള ലളിതകലാ അക്കാദമിയും രൂപവൽക്കരിക്കുന്നതിനും മുൻകൈയെടുത്തു.

വ്യക്തമായ ദിശാബോധത്തോടെ വ്യത്യസ്ത മേഖലകളിൽ "ഒരു പുരുഷായുസ്സിൽ ചെയ്തു തീർക്കാൻ" കഴിയുന്ന പലതും ചെയ്തു തീർത്ത പ്രൊഫ: ജോസഫ് മുണ്ടശ്ശേരിയുടെ കാലഘട്ടം "നിരൂപകന്റെ രാജ്യഭാര"ത്തിന്റേതായിരുന്നു എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട് - അത് വെറുമൊരു സത്യം മാത്രമാണ്.

========== ○ ==========